## പഴമയുടെ പെരുമ; നെല്ലിന് പീലിച്ചന്തം

Deshabhimani-26-05-2018-P-04

# കാർഷിക സർവകലാശാലയിൽ അപൂർവ വിത്തുകളുടെ കലവറ

**സി എ പ്രേമചന്ദ്രൻ**

**തൃശൂർ**

മൺമറയുന്ന അപൂർവ നെൽവിത്തുകൾ മയിൽപ്പീലിപോലെ വിടർത്തി നിൽക്കുകയാണ്. കാർഷിക സർവകലാശാലയുടെ അമ്പലവയൽ പ്രാദേശിക ഗവേഷണകേന്ദ്രമാണ് പഴയകാലത്ത് വ്യാപകമായി നെൽകൃഷിക്കുപയോഗിച്ചിരുന്ന അപൂർവ വിത്തുകളുടെ കലവറയൊരുക്കിയിരിക്കുന്നത്.

പീലിവിടർത്തിയാടുന്ന മയിലിന്റെ രൂപത്തിലാണ് നെൽക്കതിരുകൾ ഒരുക്കിയിട്ടുള്ളത്. വിവിധ പൂവുകളിലെ കൃഷിക്ക് അനുയോജ്യമായ നെൽവിത്തുകൾ കാലത്തിന്റെ അനിവാര്യതയിൽ നഷ്ടപ്പെടാതിരിക്കാനും ആവശ്യക്കാർക്ക് ഇരട്ടിപ്പിച്ചു നൽകാനും വേണ്ടിയാണ് അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ഇത്രയും അധികം നെൽവിത്തുകളുടെ ശേഖരം സൂക്ഷിച്ചിരിക്കുന്നത്.

സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കുന്ന 'സമഗ്ര' ഉൽപ്പന്ന വിപണന പ്രദർശന മേളയിലെ സ്റ്റാളിൽ അപൂർവ നെൽവിത്തുകളുടെ ഈ കലവറ ഒരുക്കിയിട്ടുണ്ട്.

പൊന്നാര്യൻ, ഗന്ധകശാല, ജീരകശാല, ആയിരംകണ, മുള്ളൻ കുറുവ, സുഗന്ധമതി, വെളുത്തരി തവളക്കണ്ണൻ, ഇരുനാഴി, ഓണമൊട്ടൻ, ഉരുണിക്കയ്മ, രോഹിണി, മസൂറി, കീർവാണ, ചോമാല, വടക്കൻ ചിറ്റേനി, തൊണ്ടി, കവുങ്ങിൻ പൂത്താലി, കൈരളി, ബസ്മതി, എരവപാണ്ടി, കരിമ്പാലൻ, കയ്മ, ചോറ്റു വെളിയൻ, പാൽ വെളിയൻ തുടങ്ങി നാൽപ്പതിലധികം നെൽവിത്തുകളാണ് സ്റ്റാളിലുള്ളത്. ഇതിനുപുറമെ ഇരുന്നൂറലധികം അപൂർവ വിത്തുകളുടെ ശേഖരം അമ്പലവയൽ പ്രാദേശിക കേന്ദ്രത്തിലുണ്ടെന്നും ജീവനക്കാർ പറഞ്ഞു.

മുള്ളാത്ത, വെണ്ണപ്പഴം, മുട്ടപ്പഴം, പനിനീർചാമ്പ (മലയൻ ആപ്പിൾ) തുടങ്ങിയവയുടെ തൈകളും വിവിധ ഇനം പ്ലാവിൻ തൈകളും കാർഷിക സർവകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിൽ വിൽപ്പനയ്ക്കും പ്രദർശനത്തിനുമായി തയ്യാറാക്കിയിട്ടുണ്ട്. മുന്തിരി, ഇഞ്ചി, പേരയ്ക്ക, പച്ചമാങ്ങ സ്ക്വാഷുകളും അച്ചാറുകളും സ്റ്റാളിൽ ലഭിക്കും. വിത്തുകൾക്കും മറ്റു വിവരങ്ങൾക്കും അമ്പല വയൽ പ്രാദേശിക കേന്ദ്രവുമായി ബന്ധപ്പെടാം. ഫോൺ: 04936 260561, 260421.